# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്, കൊട്ടാരക്കര**

ഫോൺ :- 9188911719 Email: aetdbktr@gmail.com

ലേല നമ്പർ : 01/KTR/2026 തീയതി: 05/03/2026

**<u>ലേലപ്പരസ്യം</u>**

കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം ദേവസ്വത്തിലെ സ്റ്റേജിനു മുന്നിലുള്ള നടപ്പന്തലിന്റെ മേൽക്കൂരയിൽ നിന്നും ഇളക്കിമാറ്റിയ ആസ്ബസ്റ്റോസ് ഷീറ്റുകൾ 13/03/2026 വെള്ളിയാഴ്ച രാവിലെ 11:30 മണിക്ക് കൊട്ടാരക്കര അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ വെച്ച് ലേലം ചെയ്യുന്നതിലേക്ക് പരസ്യമായി ലേലം ചെയ്യുന്നതാണ്.

| No | Details | Quantity |
|---|---|---|
| 1 | Old Asbestos sheet | 891.71 M2 |

**<u>ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ</u>**

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് തിരിച്ചറിയൽ രേഖയോടൊപ്പം അന്നേ ദിവസം 11:30 മണിക്ക് മുൻപായി നിശ്ചിത നിരതദ്രവ്യമായ 1700/- രൂപ (ആയിരത്തി എഴുനൂറ് രൂപ) കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
2. മേൽ ആഫീസിൽ നിന്നും അംഗീകരിച്ച മതിപ്പു വിലയായ 32,065/- രൂപയിൽ ലേലം ആരംഭിക്കുന്നതാണ്. മേൽ തുകയിൽ താഴെ ക്വാട്ട് ചെയ്യുന്ന ലേലം/ ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.
3. ക്വട്ടേഷൻ നൽകാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ നേരിട്ടോ തപാൽ മുഖേനയോ **"അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊട്ടാരക്കര 691506"** എന്ന വിലാസത്തിൽ 12/03/2026 തീയതി വൈകിട്ട് 4.00 മണിക്ക് മുൻപ് കിട്ടത്തക്ക വിധം അയക്കേണ്ടതാണ്.
4. **ക്വട്ടേഷനോടൊപ്പം** ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ ധനലക്ഷ്മി ബാങ്കിൽ നിന്നും **എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം എന്ന പേരിലെടുത്ത നിരതദ്രവ്യത്തിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ്** അടക്കം ചെയ്യേണ്ടതാണ്.
5. കവറിന് മുകളിൽ **"പി.ഡി മണികണ്ഠേശ്വരം ദേവസ്വത്തിലെ സ്റ്റേജിനു മുന്നിലുള്ള നടപ്പന്തലിന്റെ മേൽക്കൂരയിൽ നിന്നും ഇളക്കിമാറ്റിയ ആസ്ബസ്റ്റോസ് ഷീറ്റുകളുടെ ലേലത്തിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

6. ക്വട്ടേഷൻ നൽകിയിട്ടുള്ളവർ ലേല സ്ഥലത്ത് നിർദ്ദിഷ്ട സമയത്തു തന്നെ ഹാജരായിരിക്കേണ്ടതാണ്.
7. പ്രസ്തുത ലേലം കഴിഞ്ഞാലുടൻ തന്നെ സമർപ്പിക്കപ്പെട്ടിരിക്കുന്ന ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ തുക കാണിക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതും ടിയാൻ ക്വാട്ട് ചെയ്ത തുകയുടെ 50% ലേലത്തുകയും (നിരതദ്രവ്യം കഴിച്ച്) നികുതിയും (ജി.എസ്.ടി @ 18%) ലേലസ്ഥലത്തു തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്.
8. ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടുന്ന മുറക്ക് ബാക്കി തുകയും കൂടി ഒടുക്കി 5 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും സാധന സാമഗ്രികൾ സൈറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.
9. ഏതെങ്കിലും കാരണവശാൽ ലേലം/ ക്വട്ടേഷൻ ലഭിക്കുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടയ്ക്കുന്ന തുക ദേവസ്വം ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതും സാധന സാമഗ്രികൾ പുനർലേലം ചെയ്യുന്നതുമായിരിക്കും.
10. ലേലം ഉറപ്പിക്കുന്നത് സംബന്ധിച്ചുള്ള പൂർണ്ണ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.
11. ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
12. നിലവിൽ അനുവദിച്ചിട്ടുള്ള എല്ലാ ലേലവ്യവസ്ഥകളും ഇതിനും ബാധകമാണ്.
13. കൂടുതൽ വിവരങ്ങൾക്ക് കൊട്ടാരക്കര അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുമായി (ഫോൺ - 9188911719) ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

**അസിസ്റ്റന്റ് എഞ്ചിനീയർ**

**കൊട്ടാരക്കര**

(തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി)